# Deluge of the past and the present

## (പ്രളയം അന്നും, ഇന്നും)

**ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം**
**അവർ അറിഞ്ഞതുമില്ല ... മത്തായി : (24:39)**

ഭൂമിയും ആകാശവും അതിലുള്ള സകലതിനെയും സൃഷ്ടിച്ച് തന്റെ സ്വന്ത സ്വരൂപത്തിൽ ഉണ്ടാക്കിയ മനുഷ്യന് അനുഭവിപ്പാൻ നൽകിയ ദൈവം തോട്ടത്തിന്റെ നടുവിലെ ഒരു വൃക്ഷഫലം മാത്രമേ അവർക്ക് വിലക്കിയിരുന്നു ള്ളൂ. എന്നാൽ തെറ്റ് ചെയ്ത അവരിലൂടെ കടന്നുവന്ന പാപം ഭൂമിയെ നാശത്തി ലേക്ക് തള്ളി ഇട്ടു താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതിനാൽ യഹോവ ദു:ഖിച്ചു. എന്നാൽ അതിൽ നോഹ എന്ന ഒരു മനുഷ്യനോട് കൃപതോന്നിയ ദൈവം നോഹയ്ക്ക് നൽകിയ നിർദ്ദേശവും നിപുണതയും മൂലം അവൻ ഒരു പെട്ടകം പണിതു, തന്റെ പണി പുരോഗമിക്കുന്നതനുസരിച്ച് ന്യായവിധിയെപ്പറ്റി വിശ്രമം കൂടാതെ സകലമനുഷ്യരോടും വിളിച്ചറിയിച്ചു.(കുഞ്ഞേ! വരുവാൻ പോകുന്ന ന്യായവിധിയെപ്പറ്റി നീ ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ).

പക്ഷേ കേട്ട് അവഗണിച്ചതല്ലാതെ ആരും നിർദ്ദേശം അംഗീകരിച്ചില്ല. ദൈവം പറയുന്നത് അനുസരിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ആരെല്ലാം ദൈവത്തെ അവഗണിച്ചാലും തന്റെ വാക്കിന് അദ്ദേഹം മാറ്റം വരു ത്തുന്നതുമില്ല. പെട്ടകത്തിൽ കയറിയത് കൃപലഭിച്ച എട്ട് പേർ മാത്രം. യഹോവ പെട്ടകത്തിന്റെ വാതിലടച്ചുകഴിഞ്ഞാൽ പിന്നെ ആർക്കും അകത്തുകയറുവാ നോ, രക്ഷപെടുവാനോ കഴിയുകയില്ല. ദൈവീക നിർദ്ദേശം വിളിച്ചു പറഞ്ഞത് കേൾക്കാതെ തിന്നും കുടിച്ചും വിവാഹത്തിന് കൊടുത്തും സുഖലോലുപരായി കഴിഞ്ഞ ജനം ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം അവർ ഒന്നും അറിഞ്ഞില്ല. ആ 150 ദിവസത്തെ ഭയാനകത അറിയുവാൻ ഉല്പ : (7:11-24) വരെയുള്ള ഭാഗം ശ്രദ്ധിക്കുക.

നോഹയുടെ കാലം പോലെയാണ് ഈ പുതിയ കാലവും. എന്നിട്ടും യഹോവ "3" ദിവത്തെ പേമാരി അനുവദിച്ചപ്പോൾ അത് നമുക്ക് അതിഭയാന കമായിരുന്നു. അതിന്റെ തിക്തഫലങ്ങളിൽ നിന്ന് എന്നത്തേക്ക് ഈ കൊച്ചുകേര ളത്തിന് പൂർണ്ണമായി വിമുക്തി നേടുവാൻ കഴിയും ആർക്കും അറിയുകയില്ല. ഇന്നത്തെ കാലത്തിന്റെ പ്രത്യേകത പൗലോസപ്പോസ്തോലൻ രേഖപ്പെടുത്തിയി രിക്കുന്നത് ദയവായി ശ്രദ്ധിച്ച് വായിക്കുക.

Read - 2തിമൊ (3:1-5)

അനാത്മീകതയുടെ ഒരു നീണ്ടലിസ്റ്റ് ഇവിടെ കാണാം. നോഹയുടെ കാലത്തെ പ്പോലെ ഇന്നും ജനം പട്ടണവാസം ഇഷ്ടപ്പെടുന്നു. സ്വന്തം പേര് ഉയർത്തുവാ നാഗ്രഹിക്കുന്നവർ, സംഗീതപ്രേമികൾ, അനിയന്ത്രിത ലൈംഗീകാസക്തി , വ്യാപക ആയുധനിർമ്മാണം, സ്വാർത്ഥ തല്പരൻ സാത്താന്യ പ്രവർത്തികൾക്കായുള്ള സമർപ്പണം, ദുഷ്ടതയും മലിനതയും നിറഞ്ഞ വഷളന്മാരുടെ കാലം അല്ലേ ഇന്നും. കൂടാതെ നോഹയുടെ കാലത്തെപ്പോലെ തന്നെ ഇന്നും ലഹരി മരുന്നു കളുടെ അമിത ഉപയോഗം, തമ്മിൽ ഒന്നിച്ചു ജീവിക്കാൻ കഴിയാതെ പിരിയുന്ന കുംടുബബന്ധങ്ങൾ, വഷളന്മാർ, ആഡംബരത്തിനായി ഒരുക്കുന്ന മെഗാസിറ്റി കൾ എല്ലാം എല്ലാം ദൈവത്തെ മറക്കുവാൻ കാരണമാകുന്നു.

ദൈവം, തന്റെ രക്തത്താൽ വീണ്ടെടുത്ത ജനത്തിന്റെ മ്ലേച്ഛത കണ്ട് വിഷമിക്കുന്നു. എന്നാൽ ആരെങ്കിലും രക്ഷപെടുവാൻ ആഗ്രഹിച്ചിട്ട് കഴിഞ്ഞില്ല എന്ന് പറയുവാൻ ഇടയാകാതെ ചെറിയ ഒരു ശിക്ഷണം നൽകിയതല്ലേ ഈ മഴക്കെടുതി. ഇവിടെയും ദൈവം കണ്ണുനിരോടെ ചിരിച്ചു. അത് സന്തോഷത്തിന്റെ ചിരി ആയിരുന്നു. തന്റെ മക്കൾ ജാതിയും, രാഷ്ട്രീയവും സഭയും ഒന്നും ഇല്ലാതെ മറ്റുള്ളവരെ സഹായിക്കുന്നു. കയ്യും മെയ്യും അതിനായി നീട്ടിയ തന്റെ മക്കളെ കണ്ട് കണ്ണുനീരോടെ സന്തോഷത്തിന്റെ ചിരി അദ്ദേഹം ചിരിച്ചു കാണും. തന്റെ ശരീരത്തെ ചവിട്ടു പടിയാക്കുവാൻ മടികൂടാതെ അനുവദിച്ച യുവാവ്, ഡാമിന്റെ ഷട്ടർ തുറന്നതും വെള്ളം ഇരച്ചതും കൂട്ടാക്കാതെ പനി പിടിച്ച കുഞ്ഞിനെ രക്ഷിച്ച സഹോദരൻ അങ്ങനെ എത്ര എത്ര സംഭവങ്ങൾ. ഒരു ചെറുവിരലെങ്കിലും അനക്കിയ സകലരേയും അനുഗ്രഹിക്കണേ ദൈവമേ എന്ന് കൂപ്പുകൈകളോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു biblestudy.co.in ന്റെ കൂപ്പുകൈകൾ കേരള ജനതയെ സഹായിച്ച സകലർക്കും സമർപ്പിക്കുന്നു.

എന്നാൽ സ്വാർത്ഥമതികളും, ആദായ മോഹികളും, ലഹരിമോഹികളും, പരമാർത്ഥത ഇല്ലാത്തവർക്കും യഹോവയെ വാക്കിനാലും പ്രവർത്തിയാലും ദു:ഖിപ്പിക്കുകയും മറക്കുകയും ചെയ്യുന്നു. ഈ ഭൂമിയിൽ ഇനി മഴമൂലം നശിപ്പിക്കുകയില്ല എന്ന ഉടമ്പടി ദൈവം പാലിയ്ക്കും Read - 2പത്രോ(3:5-7) ഇപ്പോഴത്തെ ആകാശവും ഭൂമിയും യഹോവയുടെ വചനത്താൽ തീക്കായി സൂക്ഷിച്ചിരിക്കുന്നു. യഹോവ അയയ്ക്കുന്ന തീയുടെ ഭയാനകത ആവ :(32:22) ൽ കാണുന്നു.

കർത്താവിൽ പ്രിയരേ! മനം തിരിഞ്ഞ് മടങ്ങി വന്ന് അടങ്ങിയിരുന്നാൽ നിശ്ചയമായും മദ്ധ്യാകാശ പ്രത്യക്ഷതയിൽ അവനോടൊപ്പം നമുക്കും പോകാം. ഈ അവസരത്തിൽ ദയവായി ശ്രദ്ധിക്കുക സ്വാർത്ഥലാഭേച്ഛുക്കളാകാതെ വചനം വിളമ്പുക. ഞാൻ നിന്നെ സഹായിക്കും ഞാൻ നിന്നെ ശക്തികരിക്കമെന്ന് അരുളി ചെയ്തവൻ സകല നന്മകളാലും നിറയ്ക്കും. കർത്താവിനുവേണ്ടി അനേകരെ നേടുക യഹോവയുടെ ഹിതമനുസരിച്ച് ജീവിക്കുക. വെറും കയ്യോടെ രക്ഷകന്റെ അടുക്കൽ ചെല്ലുവാനിടയാകരുതേ എന്ന് പ്രാർത്ഥിച്ച് പ്രവർത്തിയ്ക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
*Facebook: https://www.facebook.com/biblestudyind*